Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

**11976-M-2016-KSHO** **24/04/2018**

## പരിപത്രം

**വിഷയം:** **കുടുംബശ്രീ – 'ആരോഗ്യ ജാഗ്രത' – പകർച്ചവ്യാധി പ്രതിരോധ ക്യാമ്പെയിൻ – അയൽക്കൂട്ടതല പ്രവർത്തനങ്ങൾ – സംബന്ധിച്ച്**

സൂചന: 2018 ഏപ്രിൽ 17, 18 തീയതികളിൽ തിരുവനന്തപുരത്തു വച്ച് നടന്ന കുടുംബശ്രീ വാർഷിക പദ്ധതി 2018–2019 അവതരണ ശില്പശാല തീരുമാനം

കഴിഞ്ഞ 10 വർഷക്കാലയളവിൽ കേരളത്തിൽ വിവിധതരം പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുകയും നിരവധി മനുഷ്യ ജീവൻ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. വയറൽ പനി, ഡെങ്കിപനി, എലിപ്പനി, മലേറിയ തുടങ്ങിയവയും ജലജന്യ രോഗങ്ങളായ മഞ്ഞപ്പിത്തം, ഡൈഫോയിഡ്, വയറിളക്ക രോഗം, ശ്വാസ കോശ രോഗമായ എച്ച്1 എൻ1 പനിമൂലമുള്ള രോഗം തുടങ്ങിയവയാണ് ഇതിൽ പ്രധാനം. മുൻവർഷത്തെ ഇതേ കാലഘട്ടത്തെ അപേക്ഷിച്ചു പകർച്ചവ്യാധി രോഗങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട് എന്നാൽ വടക്കൻ ജില്ലകളിൽ നേരിയ വർദ്ധനവ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പകർച്ചവ്യാധികൾ നിമിത്തമുള്ള മരണങ്ങളുടെ എണ്ണത്തിൽ നേരിയ വർധന ശ്രദ്ധയിൽപെട്ടിട്ടുള്ളതും നമ്മെ അസ്വസ്ഥരാക്കുന്നു.

പകർച്ചവ്യാധി നിയന്ത്രണവും ദാരിദ്ര്യ നിർമാർജ്ജനത്തിൽ ഒരു പ്രധാന ഘടകമാണ്. കൊതുക് മൂലവും ജലത്തിലൂടെയും പകരുന്ന രോഗങ്ങൾ സാമൂഹ്യമായ ശ്രദ്ധയും ഇടപെടലും കൊണ്ട് പരിഹരിക്കാവുന്നതാണ്. ഇതിൽ കൊതുക്, ഈച്ച, ജലം എന്നിവയിലൂടെ പകരുന്ന രോഗങ്ങളും എലി, നാൽക്കാലികൾ നിമിത്തമുണ്ടാകുന്ന രോഗങ്ങളുമാണ് ഇപ്പോൾ ഭീഷണിയായി നിൽക്കുന്നത് ഇത് പരിഹരിക്കുന്നതിന് മാലിന്യ നിർമാർജ്ജനവും ശുചിത്വവുമാണ് പ്രധാന ഘടകം. കുടുംബശ്രീ കുടുംബാംഗങ്ങൾ രോഗബാധിതർ ആകുന്നതോടുകൂടി ചികിത്സക്കായി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവും അധ്വാന സമയത്തിലുണ്ടാകുന്ന നഷ്ടവും കുടുംബത്തിൽ സാമ്പത്തിക പരിമിതികൾ ഉണ്ടാക്കും എന്നത് തിരിച്ചറിയണം. അതുകൊണ്ട് തന്നെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം ദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനത്തിൽ പ്രധാനമാണ്. ഓരോ അയൽക്കൂട്ട കുടുംബത്തെയും പകർച്ചവ്യാധി പ്രതിരോധ ശേഷിയിലുള്ള കുടുംബമാക്കി മാറ്റിയെടുക്കേണ്ടതുണ്ട്. ഇതിനായി സി.ഡി.എസ്, എ.ഡി.എസ്. തലത്തിൽ വിപുലമായ പ്രവർത്തന പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്.

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നത് തടയുന്നതിനായി ജനങ്ങൾക്ക് ബോധവൽക്കരണം നൽകുക, വാർഡ് തലത്തിൽ ശുചിത്വ പ്രവർത്തനം നടത്തുക, പ്രത്യേക ടീമുകളുടെ സഹായത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വിപുലമായ ഒരു ക്യാമ്പെയിന് സംസ്ഥാന ആരോഗ്യ വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും സംയുക്തമായി തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 43 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടുന്ന കുടുംബശ്രീ മിഷനും പ്രസ്തുത ക്യാമ്പയിനിൽ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതുള്ളതിനാൽ, അയൽക്കൂട്ട–എ.ഡി.എസ്.–സി.ഡി.എസ്. തലങ്ങളിൽ ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടമായി മാറുന്നതിനായി രണ്ടു ഘട്ടങ്ങളായിട്ടുള്ള പ്രവർത്തനങ്ങളാണ് പ്ലാൻ ചെയ്തിട്ടുള്ളത്.

<u>ഘട്ടം 1:</u> **(2018 ഏപ്രിൽ 28 മുതൽ മെയ് 15 വരെ)**

a) **ജില്ലാതല ആസൂത്രണ യോഗം** (സി.ഡി.എസ്. ചെയർപേഴ്സൻ, അക്കൗണ്ടന്റ് എന്നിവരെ പങ്കെടുപ്പിച്ച്)
b) **സി.ഡി.എസ്.തല ആസൂത്രണ യോഗം (സി.ഡി.എസ്. ജനറൽ ബോഡി)**
c) **എ.ഡി.എസ്.തലത്തിൽ കോർണർ മീറ്റിംഗുകൾ**
d) **മാലിന്യ രഹിത അയൽക്കൂട്ട ഭവനവും അയൽക്കൂട്ടവും**
   - അയൽക്കൂട്ട അംഗങ്ങളുടെ വീടുകൾ
   - അയൽക്കൂട്ട യോഗങ്ങൾ
   - അയൽക്കൂട്ട പരിപാടികൾ
   - അയൽക്കൂട്ട കുടുംബാംഗങ്ങളുടെ വിശേഷ ദിവസങ്ങൾ, ആഘോഷങ്ങൾ

e) **ജലം**
   - ജല സംരക്ഷണം
     - കിണർ റീ ചാർജിങ്, മഴക്കുഴി നിർമാണം, മഴവെള്ള സംഭരണി
   - മലിന ജലം
     - പുനരുപയോഗം, ശാസ്ത്രീയമായി സംസ്കരിക്കൽ

<u>ഘട്ടം 2:</u> **(2018 മെയ് 10 മുതൽ)**

a) **കൃഷി**
   - അയൽക്കൂട്ട കുടുംബാംഗങ്ങളുടെ വീടുകളിൽ പച്ചക്കറി കൃഷി
     - വീടിന്റെ പരിസരത്തു കൃഷി ചെയ്യാൻ സാധിക്കുന്ന സ്ഥലങ്ങളിൽ
     - ഗ്രോബാഗ്, പഴയ കവറുകൾ, ചാക്കുകൾ, പാത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷി
   - **ഫലവൃക്ഷ തൈ ഉല്പാദനവും നട്ടുവളർത്തലും**
     - വിത്ത് ശേഖരണം
     - വിത്ത് പാകൽ, തൈ മുളപ്പിക്കൽ
     - തൈ നടീൽ, സംരക്ഷണം

**f) ഊർജ്ജം**

- ഇന്ധനക്ഷമതയുള്ള അടുപ്പ്, ചൂടാറാപ്പെട്ടി, ബയോഗ്യാസ്, സൗര അടുപ്പ്, സോളാർ ഹീറ്റർ, കൂടുതൽ വൈദ്യുതി ഉപഭോഗം ആവശ്യമായി വരുന്ന പഴയ ഉപകരണങ്ങൾ മാറ്റൽ
- CFL/ LED ഉപയോഗം

**ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഘട്ടം 1: (2018 ഏപ്രിൽ 28 മുതൽ മെയ് 15 വരെ)**

1. **എ.ഡി.എസ്.തലത്തിൽ കോർണർ മീറ്റിംഗുകൾ സംഘടിപ്പിക്കുക**

ആരോഗ്യ ജാഗ്രത **ഹരിത അയൽക്കൂട്ട ക്യാമ്പയിൻ** പ്രവർത്തനങ്ങൾ സംബന്ധിച്ച കോർണർ മീറ്റിംഗുകൾ മുഴുവൻ എ.ഡി.എസ്സുകളിലും 2018 **മെയ് 4 ന് മുൻപ്** സംഘടിപ്പിക്കണം. കുറഞ്ഞത് 2 കോർണർ മീറ്റിംഗുകൾ എങ്കിലും ഒരു എ.ഡി.എസ്സിൽ സംഘടിപ്പിക്കണം. പ്രസ്തുത മീറ്റിംഗുകൾക്ക് എ.ഡി.എസ്. നേതൃത്വം നൽകേണ്ടതും വാർഡിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും അയൽക്കൂട്ട കുടുംബങ്ങളെയും പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഒരു അയൽക്കൂട്ടത്തിൽ നിന്നും കുറഞ്ഞത് ഒരാളെങ്കിലും പങ്കെടുത്തിരിക്കണം. പങ്കെടുത്ത അയൽക്കൂട്ട അംഗം തൊട്ടടുത്ത് കൂടുന്ന അയൽക്കൂട്ട യോഗ ത്തിൽ ഹരിത അയൽക്കൂട്ട ക്യാമ്പയിന്റെ പ്രസ്കതി, പ്രാധാന്യം പ്രവർത്തനങ്ങൾ എന്നിവ അയൽക്കൂട്ട അംഗങ്ങൾക്ക് വിശദീകരിച്ച് നൽകണം.

കോർണർ മീറ്റിംഗുകളിൽ ക്ലാസുകൾ നയിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. അയൽക്കൂട്ടാംഗങ്ങളുടെ വീടും പരിസരവും ഫലപ്രദമായി എപ്രകാരം വൃത്തിയാക്കണം എന്നത് ആരോഗ്യ പ്രവർത്തകർ അയൽക്കൂട്ട അംഗങ്ങളെ പഠിപ്പിക്കണം. **ജൈവ മാലിന്യങ്ങളുടെ സംസ്കരണം, അജൈവ മാലിന്യങ്ങളുടെ സംസ്കരണം, ജല സംരക്ഷണം, ഊർജ്ജ സംരക്ഷണം,** അയൽക്കൂട്ട യോഗങ്ങൾ, അയൽക്കൂട്ട പരിപാടികൾ, അയൽക്കൂട്ട കുടുംബാംഗങ്ങളുടെ പരിപാടികൾ എന്നിവിടങ്ങളിൽ **ഗ്രീൻ പ്രോട്ടോകോൾപാലിക്കുന്നത്** തുടങ്ങിയവയൊക്കെ ക്ലാസിൽ വിശദമാക്കണം. ആരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പു വരുത്തുന്നതിനാവശ്യമായ ഇടപെടൽ ജില്ലാ മിഷൻ, സി.ഡി.എസ്.തലങ്ങളിൽ നടത്തേണ്ടതാണ്.

ജില്ലാ മിഷൻ കോഓർഡിനേറ്റർ കുടുംബശ്രീ ഹരിത അയൽക്കൂട്ട ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറുമായി ചർച്ച ചെയ്യേണ്ടതും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്ന എ.ഡി.എസ്തല കോർണർ മീറ്റിംഗുകളിൽ ആവശ്യമായ പിന്തുണ ആരോഗ്യ പ്രവർത്തകർ നൽകേണ്ടതിന്റെ പ്രാധാന്യം അറിയിക്കേണ്ടതും ഉറപ്പു വരുത്തേണ്ടതുമാണ്.

കുടുംബശ്രീ വാർഷിക ആഘോഷങ്ങൾ നടക്കുന്ന സമയമായതിനാൽ വാർഷികത്തിന്റെ പ്രചാരണവും കൂടി പ്രസ്തുത കോർണർ മീറ്റിംഗുകളിൽ ഉൾപ്പെടുത്താവുന്നതാണ്.

2. **അയൽക്കൂട്ടതല ആരോഗ്യ ജാഗ്രത പ്രത്യേക യോഗം**

കേരളത്തിലെ മുഴുവൻ അയൽക്കൂട്ടങ്ങളും മെയ് 05/06 ന് പ്രത്യേക അയൽക്കൂട്ട കുടുംബസംഗമം സംഘടിപ്പിക്കണം. അയൽക്കൂട്ട യോഗത്തിൽ വച്ച് ആരോഗ്യ ജാഗ്രതയുടെ ഭാഗമായി **ഹരിത അയൽക്കൂട്ട ക്യാമ്പയിൻ** ഏറ്റെടുക്കുന്നതിന്റെ പ്രാധാന്യവും, അയൽക്കൂട്ടങ്ങളുടെ ചുമതലകളും ചർച്ച ചെയ്യണം. നാം ഏറ്റെടുക്കുന്ന പ്രവർത്തനത്തിലൂടെ **ഹരിത അയൽക്കൂട്ട** കുടുംബക്കൂട്ടായ്മയിലേക്ക് ഓരോ അയൽക്കൂട്ട അംഗങ്ങളോടോപ്പം തങ്ങളുടെ കുടുംബാംഗങ്ങളെ പൂർണ്ണമായും (സ്ത്രീ, പുരുഷൻ, കുട്ടികൾ) പങ്കെടുപ്പിക്കുവാനാവണം.

അയൽക്കൂട്ട യോഗത്തിൽ രണ്ടുമണി മുതൽ മൂന്നു മണിവരെ സാധാരണ അജണ്ടയിലുള്ള കാര്യങ്ങളും മൂന്നു മുതൽ നാലുവരെ **ഹരിത അയൽക്കൂട്ട ക്യാമ്പയിൻ** പ്രവർത്തനങ്ങളും ചർച്ച ചെയ്യണം. പകർച്ചവ്യാധികൾ പകരുന്നതെങ്ങനെ? കൊതുകുകൾ, എലി മൂലം പടർന്നു പിടിക്കുന്ന പകർച്ച വ്യാധികൾ നിർമാർജ്ജനം ചെയ്യുന്നതിനായി കൊതുക്, എലി വളരാൻ സാധ്യത ഉള്ള ഉറവിടങ്ങൾ എങ്ങനെ വൃത്തിയാക്കാം എന്നിവ ചർച്ചയിൽ ഉൾപ്പെടുത്തണം

എ.ഡി.എസ്.തല കോർണർ മീറ്റിംഗിൽ പങ്കെടുത്ത അയൽക്കൂട്ട അംഗം അയൽക്കൂട്ട യോഗത്തിൽ ഹരിത അയൽക്കൂട്ട ക്യാമ്പയിന്റെ പ്രസ്കതി, പ്രാധാന്യം, പ്രവർത്തനങ്ങൾ എന്നിവ അയൽക്കൂട്ട അംഗങ്ങൾക്ക് വിശദീകരിച്ച് നൽകണം. വാർഡിലെ ആശ പ്രവർത്തക, അംഗൻവാടി ടീച്ചർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ഹെൽത്ത് വോളന്റീർ, അല്ലെങ്കിൽ വാർഡിൽ ഇത്തരം കാര്യങ്ങൾ കൃത്യമായി പറഞ്ഞുകൊടുക്കാൻ താല്പര്യവും കഴിവുമുള്ള മറ്റു ആളുകൾ എന്നിവരെ അയൽക്കൂട്ട യോഗത്തിൽ പ്രത്യേകം ക്ഷണിച്ചുകൊണ്ടും ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

3. **അയൽക്കൂട്ടാംഗങ്ങളുടെ ഭവനങ്ങളിൽ ശുചീകരണം**

കേരളത്തിലെ മുഴുവൻ അയൽക്കൂട്ടാംഗങ്ങളുടെയും ഭവനങ്ങളിൽ 2018 മെയ് 07 നും 11 നും ഇടയിലുള്ള ദിവസങ്ങളിൽ വീടും പരിസരവും വൃത്തിയാക്കണം. ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ ഓരോ അയൽക്കൂട്ട കുടുംബത്തിലും വിശിഷ്യ അയൽക്കൂട്ട പ്രദേശത്തും ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയണം.

പ്രധാനമായും കൊതുക്, എലി എന്നിവ മൂലം പകരുന്ന പകർച്ച വ്യാധികൾ ഒഴിവാക്കുന്നതിനായി കൊതുക്, ഈച്ച, എലി എന്നിവ വളരാൻ സാധ്യതയുള്ള അയൽക്കൂട്ട പ്രദേശങ്ങൾ, വീടുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

4. **ഭവനങ്ങളിലെ ശുചീകരണം വിലയിരുത്തൽ**

ഒരു അയൽക്കൂട്ടം അതെ വാർഡിലെ മറ്റൊരു അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ വീടുകൾ സന്ദർശിച്ച് ഭവനങ്ങളിലെ ശുചീകരണ

പ്രവർത്തനങ്ങൾ വിലയിരുത്തേണം. ഒരു അയൽക്കൂട്ടത്തിൽ നിന്നും 03 മുതൽ 05 വരെ അംഗങ്ങൾ ഉൾപ്പെടുന്ന സ്ക്വാഡ് രൂപീകരിക്കാവുന്നതാണ്. മുകളിൽ സൂചിപ്പിച്ച ഒന്നാം ഘട്ട പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിച്ച അയൽക്കൂട്ടങ്ങളെ മാത്രം രണ്ടാം ഘട്ടത്തിന് ശേഷം നടക്കുന്ന ഹരിത അയൽക്കൂട്ട തെരെഞ്ഞെടുപ്പിൽ പരിഗണിച്ചാൽ മതിയാകും

**ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഘട്ടം 2: (2018 മെയ് 10 മുതൽ)**

1. **അയൽക്കൂട്ട അംഗങ്ങളുടെ വീടുകളിൽ ഫലവൃക്ഷ തൈ വിത്ത് ശേഖരണം വിത്ത് പാകൽ, തൈ മുളപ്പിക്കൽ, തൈ നടീൽ, സംരക്ഷണം**

ഫലവൃക്ഷ തൈകൾ നട്ടു വളർത്തുന്നതുമായി ബന്ധപ്പെട്ട് ആദ്യപടിയായി എല്ലാ അയൽക്കൂട്ടത്തിലെയും അംഗങ്ങൾ വിത്തുകൾ ശേഖരിക്കേണ്ടതും വീടുകളിൽ വിത്തുകൾ പാകി മുളപ്പിക്കുകയും ചെയ്യേണ്ടതാണ്. അയൽക്കൂട്ട പ്രദേശത്തു ലഭ്യമാകുന്ന ഫലവൃക്ഷങ്ങളുടെ വിത്തുകൾ ശേഖരിക്കാവുന്നതാണ്. ഒരു അയൽകൂട്ടം കുറഞ്ഞത് 100 ഫലവൃക്ഷ തൈയ് ഉത്പാദിപ്പിക്കണം. ഓരോ അയൽക്കൂട്ടത്തിനും നല്ല മാവ്, പ്ലാവ്, ചാമ്പ, നെല്ലി, പേര, ഞാവൽ, ആഞ്ഞിൽ തുടങ്ങിയ ഫലവൃക്ഷങ്ങളുടെ വിത്ത് സമാഹരിച്ചു പ്രാദേശികമായി സമാഹരിക്കുന്ന കവറുകളിൽ പാകി തൈയ് ഉത്പാദിപ്പിക്കേണ്ടതാണ്. വിത്തുകൾ മുളപ്പിക്കുന്നതിന് വീടുകളിൽ ഉപയോഗിച്ചതിന് ശേഷമുള്ള പ്ലാസ്റ്റിക് കവറുകളും മറ്റും ഉപയോഗിക്കാവുന്നതാണ്.

കുടുംബശ്രീ 20-ാം വാർഷികത്തിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ അയൽക്കൂട്ടങ്ങളും കൂടി 2 കോടി ഫലവൃക്ഷ തൈകൾ ഉത്പാദിപ്പിച്ചു നല്കാൻ കഴിയുന്ന രീതിയിൽ ഈ പ്രവർത്തനം നടപ്പിലാക്കാൻ കഴിയണം.

ഇപ്രകാരം അയൽക്കൂട്ട അംഗങ്ങൾ മുളപ്പിച്ച വിത്തുകൾ അംഗങ്ങൾ അവരവരുടെ വീടുകളിൽ വച്ച് പിടിപ്പിക്കേണ്ടതാണ്. ഫലവൃക്ഷങ്ങൾ സ്വന്തം വീടിന്റെ പരിസരത്ത് സ്ഥല ലഭ്യതക്കനുസരിച്ചു നട്ട് വളർത്താവുന്നതാണ്. സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അയൽക്കൂട്ടത്തിന് പൊതുവായ സ്ഥലത്ത് ഫലവൃക്ഷ തൈകൾ നട്ട് വളർത്തുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. ഏകദിന വിത്ത് പാകൽ, തൈയ് കൈമാറൽ, മരം നടീൽ എന്നിങ്ങനെ ഓരോന്നിനും ഒരു പ്രത്യേക ദിവസം തീരുമാനിച്ച് വിപുലമായ ഒരു ക്യാമ്പയിൻ ആക്കിമാറ്റണം. തൈകൾ വച്ച് പിടിപ്പിക്കുന്നത് കൂടാതെ അവയുടെ പരിപാലനവും പ്രസ്തുത അയൽക്കൂട്ട അംഗം ഉറപ്പു വരുത്തേണ്ടതാണ്.

ഏറ്റവും കൂടുതൽ തൈകൾ ഉത്പാദിപ്പിക്കുകയും, വച്ച് പിടിപ്പിക്കുകയും ചെയ്യുന്ന അയൽക്കൂട്ടത്തെ പ്രത്യേകം അനുമോദിക്കുകയും ഹരിത അയൽക്കൂട്ടമായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമാക്കുകയും ചെയ്യണം. ആയതിനാൽ ഓരോ സി.ഡി.എസ്സും എ.ഡി.എസ് തിരിച്ച് അയൽക്കൂട്ടങ്ങൾ വിത്തുകൾ പാകി മുളപ്പിച്ച ഫലവൃക്ഷ തൈകളുടെയും നട്ടു പിടിപ്പിച്ച ഫലവൃക്ഷ തൈകളുടെയും കണക്കുകൾ ശേഖരിക്കേണ്ടതും ജില്ലാ മിഷന് റിപ്പോർട്ട് നൽകേണ്ടതുമാണ്.

| *സി.ഡി.എസ്സിന്റെ പേര് :* | | | | | | | | |
|---|---|---|---|---|---|---|---|---|
| ഏ.ഡി. എസ്സിന്റെ പേര് | അയൽക്കൂട്ടത്തിന്റെ പേര് | മുളപ്പിച്ച ഫലവൃക്ഷ തൈകളുടെ എണ്ണം | നട്ട ഫലവൃക്ഷ തൈകളുടെ എണ്ണം | | | | | |
| | | | മാവ് | പ്ലാവ് | പേര | ചാമ്പ | | |
| | | | | | | | | |
| | | | | | | | | |

2. **ജാഗ്രതോത്സവം 2018**

ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളിലേക്ക് ഈ ആശയം പകർന്നു നൽകുന്നതിനായി ജാഗ്രതോത്സവം എന്ന പേരിൽ ബാലസഭാ കുട്ടികളെ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഹരിതകേരള മിഷനും കുടുംബശ്രീയും തീരുമാനിച്ചിട്ടുണ്ട്. നഗരസഭ വാർഡുകളിൽ രണ്ട് വീതവും പഞ്ചായത്തു വാർഡുകളിൽ കുറഞ്ഞത് ഒന്നും ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. സി.ഡി.എസ്സിന്റെ നേതൃത്വത്തിലായിരിക്കണം പ്രസ്തുത ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്. ബാലസഭാ കുട്ടികളെ കൂടാതെ പഞ്ചായത്ത്/നഗരസഭയിലെ 10 നും 15 നും ഇടയിലുള്ള മുഴുവൻ കുട്ടികളെയും ക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പകർച്ചവ്യാധി പ്രതിരോധത്തിലെ പ്രായോഗിക പ്രവർത്തനം കുട്ടികൾക്കു മനസിലാക്കാനും, അറിവ് വർധിപ്പിക്കുന്നതിനും പ്രസ്തുത ജാഗ്രതോത്സവം സഹായകരമാകും. ഇവരുടെ വീടുകളും പരിസരവും ക്യാമ്പയിന്റെ ഭാഗമായി ശുചീകരിച്ചുവെന്നു കൂടി ഉറപ്പാക്കണം.

3. **ബാലസഭാ കുട്ടികൾക്കായി ചിത്ര രചന മത്സരം**

സി.ഡി.എസ്. തലത്തിൽ ബാലസഭാ കുട്ടികൾക്കായി ചിത്രരചന മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. കുടുംബശ്രീ വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചാൽ മതിയാകും. ചിത്രരചനയുടെ വിഷയം ആരോഗ്യ ജാഗ്രത ആയിരിക്കണം.

**ഹരിത അയൽക്കൂട്ടം വിലയിരുത്തൽ**

ക്യാമ്പയിൻ പ്രവർത്തനങ്ങൾ രണ്ടു ഘട്ടങ്ങളും പൂർത്തീകരിച്ചതിനുശേഷം, അയൽക്കൂട്ടാംഗങ്ങളുടെ കുടുംബങ്ങൾ സന്ദർശിച്ച് ശുചീകരണ പ്രവർത്തന ങ്ങൾ വിലയിരുത്തണം. **2018 ജൂൺ 15 നും 30 നും ഇടയിൽ** പ്രസ്തുത വിലയിരുത്തൽ പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം. ഇതിനായി ഓരോ വാർഡിലും അയൽക്കൂട്ടങ്ങളിലെ കോർ ടീം അയൽക്കൂട്ട കുടുംബങ്ങളുടെ വീടു കൾ സന്ദർശിച്ച് വിലയിരുത്തലിനായുള്ള ചോദ്യാവലി പൂരിപ്പിക്കണം. ഈ ചോദ്യാവലി എ.ഡി.എസ്സ്. വഴി സി.ഡി.എസ്സ് ശേഖരിച്ച് ഓരോ വാർഡിലെയും മികച്ച ഹരിത അയൽക്കൂട്ടത്തെ തെരെഞ്ഞെടുക്കാവുന്നതാണ്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യോഗ്യതയുള്ള അയൽകൂട്ടങ്ങളെ കണ്ടെത്തി 'ഹരിത അയൽക്കൂട്ടമായി' പ്രഖ്യാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. *(വിലയിരുത്തുന്നതിനുള്ള ചോദ്യാവലി പിന്നാലെ പ്രത്യേകം അയച്ചു തരുന്നതാണ്)*

**ഹരിത അയൽക്കൂട്ടം വിലയിരുത്തൽ – അയൽക്കൂട്ട സ്ക്വാഡ് രൂപീകരണം**

ഒരു അയൽക്കൂട്ടം അതെ വാർഡിലെ മറ്റൊരു അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ വീടുകൾ സന്ദർശിച്ചാണ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത്. ഒരു അയൽക്കൂട്ടത്തിൽ നിന്നും 03 മുതൽ 05 വരെ അംഗങ്ങൾ ഉൾപ്പെടുന്ന സ്ക്വാഡ് രൂപീകരിക്കാവുന്നതാണ്.

പ്രത്യേക സ്ക്വാഡ് മറ്റൊരു അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ ഭവനം സന്ദർശിച്ച് വിലയിരുത്തൽ ചോദ്യാവലി ഉപയോഗിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി മാർക്ക് രേഖപ്പെടുത്തണം. വാർഡ് തലത്തിൽ ഏറ്റവും മികച്ച രീതിയിൽ ഹരിത അയൽക്കൂട്ട ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിയ അയൽക്കൂട്ട അംഗത്തിന് അവാർഡ്/അനുമോദനം എ.ഡി.എസ്./ സി.ഡി.എസ്. തലത്തിൽ നടപ്പിലാക്കാവുന്നതാണ്.

**ഹരിത അയൽക്കൂട്ടമായി തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡമാക്കേണ്ടവ**

1. **മഴവെള്ള സംരക്ഷണം**
   മഴവെള്ളം നഷ്ടപ്പെട്ട് പോകാത്ത രീതിയിൽ തടഞ്ഞു നിർത്തി സംരക്ഷിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുള്ള കുടുംബം. ഉദാഹരണം: മഴക്കുഴി നിർമാണം, കിണർ റീചാർജിങ്, മഴവെള്ള സംഭരണി മുതലായവ.

2. **പച്ചക്കറി കൃഷി**
   അംഗങ്ങളുടെ വീടിന്റെ പരിസരത്തു കൃഷി ചെയ്യാൻ സാധിക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കുടുംബം. സ്ഥല സൗകര്യം ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക് ഗ്രോബാഗിൽ, പഴയ കവറുകൾ, ചാക്കുകൾ, പാത്രങ്ങൾ തുടങ്ങിയവയിൽ കൃഷി ചെയ്യാവുന്നതാണ്.

3. **വീടുകളിലെ മാലിന്യ സംസ്കരണം**

   a) **ജൈവ മാലിന്യ പരിപാലനം**
   ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള കുടുംബം. ഉദാഹരണം: കമ്പോസ്റ്റ് വളക്കുഴി, കിച്ചൺ ബിൻ കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റ് മുതലായവ.

   ജൈവ മാലിന്യം അജൈവ വസ്തുക്കളുമായി കൂടി കലരാതെ തരം തിരിച്ച് കുഴി കമ്പോസ്റ്റു നിർമിച്ചോ കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിച്ചോ അതിൽ നിക്ഷേപിച്ചു വളമാക്കി മാറ്റേണ്ടതാണ്.

   b) **അജൈവ മാലിന്യ പരിപാലനം**
   അജൈവ മാലിന്യങ്ങൾ വേർതിരിച്ചു സൂക്ഷിക്കുകയും സംസ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ള കുടുംബം.

   അജൈവ വസ്തുക്കൾ വൃത്തിയാക്കി തരം തിരിച്ചു സൂക്ഷിച്ചു ഹരിത കർമ്മ സേനക്കോ പാഴ് വസ്തു വ്യാപാരികൾക്കോ കൈമാറണം

   c) **മലിന ജലം കെട്ടികിടക്കാത്ത അവസ്ഥ**
   വീടിന്റെ പരിസരം, വീട്ടിലെ റെഫ്രിജറേറ്റർ പോലുള്ള ഉപകരണങ്ങൾ, പരിസര പ്രദേശങ്ങളിൽ വലിച്ചെറിഞ്ഞിട്ടുള്ള പാഴ് വസ്തുക്കൾ എന്നിവയിൽ മലിന ജലം കെട്ടിക്കിടന്നു കൊതുക് പോലുള്ളവ വളർന്നു രോഗങ്ങൾ പടർന്നു പിടിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കിയിട്ടുള്ള കുടുംബം.

മലിന ജലം സംസ്കരിക്കുന്നതിനു സോക്കേജ് പിറ്റുകൾ നിർമിക്കൽ മിനി പ്ലാന്റുകൾ നിർമിക്കൽ തുടങ്ങിയ ചെയ്യാവുന്നതാണ്. ജല സ്രോതസ്സുകളെ വൃത്തിയാക്കി സംരക്ഷിക്കുക, മാലിന്യം കൂട്ടിയിട്ടിരിക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കി മനോഹരമാക്കുക, ഉപയോഗ ശൂന്യമായ ഫർണിച്ചറുകൾ പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുക, കൊതുകു വളരാൻ സാധ്യത ഉള്ള സാഹചര്യങ്ങളെ മുൻകൂട്ടി കണ്ടെത്തി ഒഴിവാക്കുക

4. **കൊതുക് കടിച്ചാൽ പകരുന്ന രോഗങ്ങളെ കുറിച്ച് കുടുംബങ്ങൾക്കുള്ള അറിവ്**
5. **എലിപ്പനി ഏതൊക്കെ രീതിയിലാണ് പകരുന്നത് എന്നതിനെക്കുറിച്ചു കുടുംബങ്ങൾക്കുള്ള അറിവ്**
6. **മലിന ജലത്തിലൂടെ പടർന്നു പിടിക്കുന്ന രോഗങ്ങളെക്കുറിച്ചു കുടുംബങ്ങൾക്കുള്ള അറിവ്**
7. **ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്ന അയൽക്കൂട്ടം**

അയൽക്കൂട്ടത്തിന്റെ പൊതുവായ പരിപാടികളിലും, അയൽക്കൂട്ട കുടുംബാംഗങ്ങളുടെ വീടുകളിലെ വിശേഷ ദിവസങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവയിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്

**എ.ഡി.എസ്സിന്റെ ചുതമലകൾ**

- എ.ഡി.എസ്. പ്രത്യേക ഭരണ സമിതി യോഗവും പൊതുയോഗവും വിളിച്ചു ചേർക്കുക. പ്രസ്തുത യോഗത്തിൽ എ.ഡി.എസ്. രക്ഷാധികാരി യായ വാർഡ് മെമ്പറെ പ്രത്യേകം ക്ഷണിക്കുകയും പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് അന്തിമ രൂപം നൽകുകയും ചെയ്യുക.
- എ.ഡി.എസ്. തലത്തിൽ കോർണർ മീറ്റിംഗുകൾ സംഘടിപ്പിക്കുക
- എ.ഡി.എസ്. തലത്തിൽ ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുന്നതിന് അയൽക്കൂട്ട പ്രസിഡന്റ്/സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുക.
- എ.ഡി.എസിന്റെ കീഴിലുള്ള മുഴുവൻ അയൽക്കൂട്ടങ്ങളിലും ആരോഗ്യ ജാഗ്രത പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ നടന്നുവെന്ന് ഉറപ്പുവരുത്തുക.
- അയൽക്കൂട്ടാംഗങ്ങളുടെ വീടുകളിൽ മെയ് 07 നും 11 നും ഇടയിലുള്ള ദിവസങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവെന്ന് ഉറപ്പുവരുത്തുക.
- ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മുകളിൽ സൂചി പ്പിച്ച പ്രകാരം പ്രത്യേക സ്ക്വാഡ് ഓരോ അയൽകൂട്ടത്തിലും രൂപീകരിക്കുകയും വിലയിരുത്തുന്നതിനുള്ള മറ്റൊരു അയൽക്കൂട്ടത്തെ തീരുമാനിച്ചു ഷെഡ്യൂൾ തയ്യാറാക്കി നൽകുകയും ചെയ്യുക.
- വിലയിരുത്തലിന് ശേഷം ഹരിത അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും അനുമോദന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക

**സി.ഡി.എസ്സിന്റെ ചുമതലകൾ**

- സി.ഡി.എസ്. ഭരണ സമിതി യോഗം, പൊതുയോഗം, എന്നിവ വിളിച്ചു ചേർത്ത് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ വിശദീകരിക്കുക. പ്രസ്തുത

യോഗത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതി അംഗങ്ങളെ പ്രത്യേകം ക്ഷണിച്ചു പങ്കെടുപ്പിക്കേണ്ടതും പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് അന്തിമ രൂപം നൽകേണ്ടതുമാണ്.

- എ.ഡി.എസ്.തല കോർണർ മീറ്റിംഗുകളിൽ ആരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പു വരുത്തുന്നതിനാവശ്യമായ ഇടപെടൽ സി.ഡി.എസ്.തലത്തിൽ നടത്തേണ്ടതാണ്.
- എ.ഡി.എസ്.തല കോർണർ മീറ്റിംഗുൾ സംഘടിപ്പിക്കുന്ന വേളയിൽ റിഫ്രഷ്മെന്റ് ഇനത്തിൽ എന്തെങ്കിലും തുക ആവശ്യമായി വരുകയാണെങ്കിൽ ആയതു സി.ഡി.എസ്സിന്റെ തനതു ഫണ്ടിൽ നിന്നും അല്ലെങ്കിൽ സി.ഡി.എസ്സിലെ എസ്.സി.എ. ഫണ്ടിൽ തുക ലഭ്യമാണെങ്കിൽ ആയതിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ഇപ്രകാരം തുക ചെലവഴിക്കുന്നതിന് സി.ഡി.എസ്. കമ്മിറ്റിയുടെ അനുമതിയുണ്ടായിരിക്കേണ്ടതാണ്. തനതു ഫണ്ട് ലഭ്യമല്ലാത്ത സി.ഡി.എസ്സുകൾക്ക് സ്പോൺസർഷിപ്പിലൂടെ പ്രസ്തുത തുക കണ്ടെത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
- വാർഡ് തലത്തിൽ എല്ലാ അയൽക്കൂട്ടങ്ങളുടെയും പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേർന്നുവെന്ന് ഉറപ്പുവരുത്തുക.
- അയൽക്കൂട്ടാംഗങ്ങളുടെ വീടുകളിൽ മെയ് 07 നും 11 നും ഇടയിലുള്ള ദിവസങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവെന്ന് ഉറപ്പുവരുത്തുക.
- ഓരോ എ.ഡി.എസ്സിലും ഭരണ സമിതി യോഗങ്ങളും പൊതുയോഗങ്ങളും കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, ഓരോ അയൽകൂട്ടത്തിലും സ്ക്വാഡ് രൂപീകരിക്കുകയും വിലയിരുത്തുന്നതിനുള്ള മറ്റൊരു അയൽക്കൂട്ടത്തെ തീരുമാനിച്ചു ഷെഡ്യൂൾ തയ്യാറാക്കി നൽകിയെന്നും ഉറപ്പു വരുത്തുക.
- വിലയിരുത്തലിന് ശേഷം ഹരിത അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും അനുമോദന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക

**ജില്ലാ മിഷൻ ചുമതലകൾ**

ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനായി ജില്ലാ തലത്തിൽ സി.ഡി.എസ്. ചെയർപഴ്സൺമാരുടെ/സി.ഡി.എസ്. അക്കൗണ്ടന്റ്മാരുടെ ഏകദിന യോഗം സംഘടിപ്പിക്കേണ്ടതാണ്. യോഗത്തിൽ 'ഹരിത അയൽക്കൂട്ടം – ആരോഗ്യ ജാഗ്രത' ക്യാമ്പയിന്റെ ഓരോ ഘട്ടവും വിശിദീകരിച്ചു നൽകേണ്ടതും മുഴുവൻ സി.ഡി.എസ്സിലും പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

എ.ഡി.എസ്.തല യോഗങ്ങൾ കുടുംബശ്രീ ആക്ടിവിറ്റി കമ്പയ്ലർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. എ.ഡി.എസ്. ഭാരവാഹികളുടെ മൊബൈലിൽ ഈ സോഫ്റ്റ്‌വെയർ ഡൗൺലോഡ് ചെയ്യുന്നതിനുള്ള നിർദ്ദേശവും നടപടിയും സ്വീകരിക്കണം. ചുമതലയുള്ള ബ്ലോക്ക് കോ ഓർഡിനേറ്റർ സി.ഡി.എസ്. പൊതുയോഗത്തിൽ പങ്കെടുത്ത് ഈ പ്രവർത്തനം നടപ്പിൽ വരുത്തണം. ഫോട്ടോയടക്കം അപ്ലോഡ് ചെയ്യുന്നതിന് ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ കഴിയും. സാങ്കേതിക പരിശീലനം

ആവശ്യമാണെങ്കിൽ ജില്ലയിലെ പരിശീലന ഗ്രൂപ്പ് അംഗങ്ങളുടെ സഹായം ഉറപ്പാക്കുക. (ഒരു ദിവസത്തെ ഓണറേറിയം (500 + 100 ടി.എ. = 600 രൂപ) അനുവദിക്കാവുന്നതാണ്)

മേൽ പ്രവർത്തനങ്ങളുടെ നടത്തിപ്പ് പരിശോധിക്കുന്നതിനായി എല്ലാ സി.ഡി.എസിലും ഒരു മിഷൻ സ്റ്റാഫിനെ വീതം ചുമതലപ്പെടുത്തണം. ഇവർ ചുമതലയുള്ള സി.ഡി.എസ്സുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. അയൽക്കൂട്ട യോഗങ്ങളിലും (സാധിക്കുന്ന സ്ഥലങ്ങളിൽ മാത്രം) ഇവർ പങ്കെടുത്ത് നിശ്ചയിക്കപ്പെട്ട പ്രകാരം ചർച്ചകളും പ്രവർത്തനങ്ങളും നടക്കുന്നുവെന്ന് ഉറപ്പാക്കണം.

ജില്ലാതല യോഗങ്ങൾക്ക് ആവശ്യമായ തുക (ഒരാൾക്ക് പരമാവധി 100 രൂപ നിരക്കിൽ) **2018–2019 ലെ NRLM ORG 10 - Year of NHG** എന്ന ശീർഷകത്തിൽ നിന്നും ചിലവഴിക്കാവുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3. എല്ലാ അയൽക്കൂട്ടങ്ങൾക്കും (സി.ഡി.എസ്. ചെയർപേഴ്സൺ മുഖേന)
4. എല്ലാ ഗവേണിംഗ് ബോഡി അംഗങ്ങൾക്കും

**പകർപ്പ്**

സ്റ്റോക്ക്/ഫയൽ

KUDUMBASHREE PROJECT - POVERTY ERADICATION MISSION
Govt. of Kerala
Thiruvananthapuram
695 011

**ഉത്തരവിൻ പ്രകാരം,**

**പ്രോഗ്രാം ഓഫീസർ (സംഘടന)**